**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം
**E-mail–dirdhse.dge@kerala.gov.in**
**Phone No 0471 2280759**

**നമ്പർ : HSE/14242/2024-Ad C6** **തീയതി : 30-04-2025**

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വിഭാഗം- **2023-2024** തസ്തിക നിർണയ ഉത്തരവു പ്രകാരം എക്സസ് ആയ അധ്യാപകരെ പുനർ നിയമിച്ചത്-അധ്യാപകർക്ക് ശമ്പളം മാറി നൽകുന്നത് സംബന്ധിച്ച്.

സൂചന 1 **11-03-2025** ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **HSE/3178/2025-AdC5,HSE/2225/2025-AdC5,HSE/2330/2025-AdC4,HSE/2331/2025-AdC4,HSE/2332/2025-AdC4,HSE/2589/2025-AdC3,HSE/2580/2025-AdC3,HSE/2610/2025-AdC3,HSE/213/2025-AdC1,HSE/2243/2025-AdC1,HSE/2244/2025-AdC1,HSE/3148/2025-AdB4,HSE/19911/2024-AdB3,HSE/341/2025-AdB1** എന്നീ നടപടിക്രമങ്ങൾ.

2 **OA'S 405/2025, 414/2025, 415/2025, 416/2025, 421/2025, 428/2025, 477/2025, 489/2025, 498/2025, 500/2025, 502/2025, 503/2025, 504/2025 505/2025** കേസുകളുടെ **12/03/2025, 13/03/2025, 14/03/2025, 17/03/2025** തീയ്യതികളിലെ ഇടക്കാല ഉത്തരവ്,

2023-2024 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എക്സസ് ആയ അധ്യാപകരെ സൂചന (1) പ്രകാരം പുനർ നിയമിച്ചതിനെ തുടർന്ന് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇക്കണോമിക്സ്, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ്, എച്ച്.എസ്.എസ്.റ്റി പൊളിറ്റിക്കൽ സയൻസ്, എച്ച്.എസ്.എസ്.റ്റി മലയാളം, എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ്, എച്ച്.എസ്.എസ്.റ്റി സ്റ്റാറ്റിറ്റിക്സ്, എച്ച്.എസ്.എസ്.റ്റി ഇക്കണോമിക്സ്, എച്ച്.എസ്.എസ്.റ്റി കൊമേഴ്സ്, എച്ച്.എസ്.എസ്.റ്റി ഹിസ്റ്ററി, എച്ച്.എസ്.എസ്.റ്റി ഹിന്ദി വിഷയങ്ങളിലെ ചില അധ്യാപകർ എറണാകുളത്തെയും, തിരുവനന്തപുരത്തെയും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്ത കേസുകളിലെ സൂചന (2) ലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച വിഷയങ്ങളിലെ അധ്യാപകർക്ക് പുനർ നിയമനം നൽകിയ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിവിധ നടപടിക്രമങ്ങൾ സ്റ്റേ ആയിട്ടുണ്ട്. എന്നാൽ സൂചന (1) ന്റെ അടിസ്ഥാനത്തിൽ കുറച്ച് അധ്യാപകർ സ്കൂളിൽ നിന്നും വിടുതൽ ചെയ്ത് പുതിയ സ്കൂളിൽ ജോയിൻ ചെയ്യുകയും, കുറച്ച് അധ്യാപകർക്ക് വിടുതൽ നൽകുകയും എന്നാൽ കോടതി ഉത്തരവ് പാലിക്കേണ്ടതിനാൽ പുതിയ സ്കൂളിൽ ജോയിൻ ചെയ്യാൻ പറ്റാത്ത സ്ഥിതിയും സംജാതമായിട്ടുണ്ട്. ഇത്തരത്തിലുള്ള അധ്യാപകരുടെ 2025 ഏപ്രിൽ മാസത്തിലെ ശമ്പളം മാറി നൽകുന്നതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## എച്ച്.എസ്.എസ്.റ്റി

1. മേൽ പറഞ്ഞ വിഷയങ്ങളിൽ വിടുതൽ ചെയ്ത് പുതിയ സ്കൂളുകളിൽ ജോയിൻ ചെയ്യാൻ കഴിയാത്ത എച്ച്.എസ്.എസ്.റ്റി മാർക്കും, പുതിയ സ്കൂളിൽ ജോയിൻ ചെയ്ത എച്ച്.എസ്.എസ്.റ്റി മാർക്കും സ്പാർക്ക് ട്രാൻസ്ഫർ ചെയ്യാത്ത സാഹചര്യത്തിൽ പഴയ സ്കൂളുകളിൽ നിന്നു തന്നെ ശമ്പളം മാറി നൽകാവുന്നതാണ്.

## എച്ച്.എസ്.എസ്.റ്റി (ജൂനിയർ)

1. മേൽ പറഞ്ഞ വിഷയങ്ങളിൽ വിടുതൽ ചെയ്ത് പുതിയ സ്കൂളുകളിൽ ജോയിൻ ചെയ്യാൻ കഴിയാത്ത എച്ച്.എസ്.എസ്.റ്റി ജൂനിയർമാർക്കും, പുതിയ സ്കൂളിൽ ജോയിൻ ചെയ്ത എച്ച്.എസ്.എസ്.റ്റി ജൂനിയർമാർക്കും, സ്പാർക്ക് ട്രാൻസ്ഫർ ചെയ്യാത്ത സാഹചര്യത്തിൽ പഴയ സ്കൂളുകളിൽ നിന്ന് തന്നെ ശമ്പളം മാറി നൽകാവുന്നതാണ്.

2. എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപകരുടെ സ്പാർക്ക് പ്രിൻസിപ്പൽമാർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ LPC പ്രകാരം ശമ്പളം പുതിയ സ്കൂളിൽ നിന്നും മാറി നൽകാവുന്നതാണ്.

2023-2024 തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം എക്സസ് ആയ അധ്യാപകരെ പുനർ നിയമിച്ചത് സംബന്ധിച്ച് കോടതി ഉത്തരവ് നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സാലറി മാറുന്നതിന് മാത്രമായിട്ടാണ് ഇപ്രകാരം സർക്കുലർ പുറപ്പെടുവിക്കുന്നത്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

Signed by
Santhosh Kumar. r
Date: 30-04-2025 17:08:33